(ബി)&(സി) സ്വീകരിച്ചിട്ടുണ്ട്. പേ വാർഡിൽ രോഗികളെ അഡ്മിറ്റ് ചെയ്യണമെന്നുള്ള നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും നൽകിയിട്ടുണ്ട്.

എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികൾ

15 (*161)ശ്രീ. യു.എസ്. ശശി :

ശ്രീ. ജോസ് ബേബി :

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും അലോപ്പതി, ഹോമിയോപ്പതി, ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എത്ര പഞ്ചായത്തുകളിൽ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എല്ലാ പഞ്ചായത്തുകളിലും സമയബന്ധിതമായി ഇവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) എട്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു അലോപ്പതി സ്ഥാപനമെങ്കിലും ഉണ്ടായിരിക്കണമെന്നതായിരുന്നു ഗവൺമെന്റിന്റെ നയം.

(ബി) സംസ്ഥാനത്തെ രണ്ട് പഞ്ചായത്തുകൾ ഒഴികെ എല്ലാ പഞ്ചായത്തുകളിലും അലോപ്പതി സ്ഥാപനങ്ങൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് 667 പഞ്ചായത്തുകളിൽ ആയുർവേദ ഡിസ്പെൻസറികളോ ആശുപത്രികളോ ഉണ്ട്. 474 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികളും നിലവിലുണ്ട്.

(സി) പ്ലാൻ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഹോമിയോ സ്ഥാപനങ്ങൾ സ്ഥാപിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

വിദേശ മലയാളികൾക്കുള്ള ക്ഷേമപദ്ധതി

16 (*162)ശ്രീമതി എൻ.കെ. രാധ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. എ. കണാരൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly